**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1753** **05-07-2022 - ൽ മറുപടിയ്ക്ക്**

**വികലാംഗക്ഷേമ കോർപ്പറേഷൻ വഴി സഹായ ഉപകരണ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വികലാംഗ ക്ഷേമ കോർപ്പറേഷൻ വഴി സഹായ ഉപകരണ വിതരണ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (എ) | ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വികലാംഗ ക്ഷേമ കോർപ്പറേഷൻ സഹായ ഉപകരണ വിതരണ ക്യാമ്പുകൾ സംഘടിപ്പിച്ചതിന്റെ വിശദ വിവരം ചുവടെ കുറിക്കുന്നു.<br><br>16/08/2021 ന് തൃശ്ശൂർ ജില്ലയിലെ പൂവത്തൂരിൽ വച്ച് നടന്ന ക്യാമ്പിൽ 13 ഇലക്ട്രോണിക് വീൽചെയറുകളും 108 ശ്രവണ സഹായികളും അളവെടുത്ത് നിർമ്മിച്ച സഹായ ഉപകരണങ്ങളും വിതരണം ചെയ്തു.<br><br>17/08/2021 ന് പാലക്കാട് ജില്ലയിൽ വച്ച് നടന്ന ക്യാമ്പിൽ 20 ഇലക്ട്രോണിക് വീൽചെയറുകൾ വിതരണം ചെയ്തു.<br><br>28/08/2021 ന് വയനാട്, 29/08/2021 ന് കാസർകോഡ്, 30/08/2021 ന് കണ്ണൂർ ജില്ലകളിലായി 41 ഇലക്ട്രോണിക് വീൽചെയറുകൾ വിതരണം ചെയ്തു.<br><br>23/10/2021 ന് കോഴിക്കോട് ജില്ലയിൽ വച്ച് നടന്ന ക്യാമ്പിൽ 17 ഇലക്ട്രോണിക് വീൽചെയറുകളും 59 ശ്രവണ സഹായികളും വിതരണം ചെയ്തു.<br><br>02/01/2022 ന് ഇടുക്കി, 07/01/2022 ന് കോട്ടയം ജില്ലകളിലുമായി 11 ഇലക്ട്രോണിക് വീൽചെയറുകൾ വിതരണം ചെയ്തു.<br><br>17/01/2022 ന് എറണാകുളത്തും 18/01/2022-ന് മലപ്പുറം ജില്ലകളിലുമായി 35 ഇലക്ട്രോണിക് വീൽചെയറുകൾ വിതരണം ചെയ്തു. ഇതിനു പുറമെ ഹെഡ് ആഫീസ് മുഖേനയും എറണാകുളം, കോഴിക്കോട് |

| | | | |
|---|---|---|---|
| | | | റീജ്യണൽ ആഫീസുകൾ വഴിയും സഹായ ഉപകരണങ്ങൾ വിതരണം ചെയ്തു വരുന്നുണ്ട്. |
| (ബി) | മട്ടന്നൂർ നിയോജകമണ്ഡലത്തിൽ ഭിന്നശേഷിക്കാർക്ക് അനുവദിച്ചിട്ടുള്ള സഹായ ഉപകരണങ്ങളുടെ വിശദാംശങ്ങൾ നൽകാമോ; | (ബി) | മണ്ഡലാടിസ്ഥാനത്തിലുള്ള കണക്കുകൾ സൂക്ഷിച്ചിട്ടില്ല. കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിൽ പദ്ധതി നിർവ്വഹണത്തിനായി തുക അനുവദിക്കുന്നത് സംസ്ഥാന തലത്തിലാണ്. |
| (സി) | വികലാംഗ ക്ഷേമ കോർപ്പറേഷൻ വഴി കൂടുതൽ സഹായഉപകരണ വിതരണ ക്യാമ്പുകൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ? | (സി) | ഉണ്ട്. 2022-2023 സാമ്പത്തിക വർഷം കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേനയുള്ള ഭിന്നശേഷി സഹായ ഉപകരണ വിതരണത്തിനായി 227 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലുള്ള തുടർനടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ